**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3190** **01-03-2023 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്ന് മണ്ഡലത്തിൽ ഓപ്പൺ ജിംനേഷ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം വകുപ്പിന് കീഴിൽ കായിക വകുപ്പ് മുഖേന ഓപ്പൺ ജിംനേഷ്യം നടപ്പിലാക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | **സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയറുടെ 27.01.2023 ലെ സി2-120/22/SKF കത്ത് പ്രകാരം കായിക വകുപ്പ് ഒന്നാംഘട്ടമായി വിനോദസഞ്ചാര വകുപ്പിന്റെ അധീനതയിലുള്ള മലപ്പുറം കോട്ടക്കുന്ന്, കണ്ണൂർ മുഴപ്പിലങ്ങാട് ബീച്ച് എന്നീ സ്ഥലങ്ങളിലാണ് ഓപ്പൺ ജിം തുടങ്ങുവാൻ നിശ്ചയിച്ചിട്ടുള്ളത്. ഇതിൽ മുഴപ്പിലങ്ങാട് പ്രദേശത്ത് കിഫ്ബി വഴി ഒരു സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നതിനാൽ ഇവിടെ ഇപ്പോൾ ഒരു ഓപ്പൺ ജിം നടപ്പിലാക്കുന്നതിന്റെ ഫീസിബിലിറ്റി പരിശോധിക്കുകയാണ്. മലപ്പുറം കോട്ടക്കുന്ന് പ്രദേശത്ത് ഓപ്പൺ ജിം സ്ഥാപിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (ബി) | വള്ളിക്കുന്ന് മണ്ഡലത്തിൽ തേഞ്ഞിപ്പാലം പഞ്ചായത്തിൽ മാതാപ്പുഴ, പാതാർ എന്നീ സ്ഥലങ്ങളിലോ മൂന്നീയൂർ പഞ്ചായത്തിലെ കളിയാട്ടമുക്ക് സ്റ്റേഡിയത്തിലോ പ്രസ്തുത ഓപ്പൺ ജിംനേഷ്യം അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | **നിലവിൽ വിനോദസഞ്ചാര വകുപ്പിന്റെ പരിഗണനയിൽ ഇല്ല.** |

സെക്ഷൻ ഓഫീസർ